പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3076

18.10.2016 - ൽ മറുപടിക്ക്.

## പാപ്പനംകോട് എസ്റ്റേറ്റ്

| ചോദ്യം<br>ശ്രീ. ഒ. രാജഗോപാൽ. | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി). |
|---|---|
| (എ) തിരുവനന്തപുരത്തെ പാപ്പനംകോടിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; | (എ) : തിരുവനന്തപുരത്തെ പാപ്പനംകോടിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പൊതുമേഖല സ്ഥാപനമായ സിഡ്കോയുടെ നിയന്ത്രണത്തിലുള്ളതാണ്. പ്രസ്തുത എസ്റ്റേറ്റിലെ ഭൂമിയും ഷെഡ്ഡും വ്യവസായ സംരംഭകർക്ക് സിഡ്കോ വിലയ്ക്ക് നൽകിയിട്ടുള്ളതാണ്. നവീകരണ പ്രവർത്തനങ്ങൾ സർക്കാർ ഫണ്ട് മാത്രം ഉപയോഗപ്പെടുത്തി നടത്താനാവില്ല. എന്നിരുന്നാലും ഇവിടുത്തെ റോഡിന്റെ ശോചനീയവസ്ഥ മനസ്സിലാക്കി റീ-ടാറിങ് ചെയ്യുന്നതിന് എസ്റ്റിമേറ്റ് സിഡ്കോ തയ്യാറാക്കിയെങ്കിലും സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ മാറ്റി വച്ചിരിക്കുകയാണ്. |
| (ബി) പാപ്പനംകോട് എസ്റ്റേറ്റിലെ പല സ്ഥാപനങ്ങളും പ്രവർത്തന രഹിതമായി തുടരുന്നത് തടയുന്നതിനും പ്രസ്തുത മേഖലയെ വ്യവസായ ഹബ്ബായി ഉയർത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) : പാപ്പനംകോട് എസ്റ്റേറ്റിൽ സിഡ്കോയുടെ നിയന്ത്രണത്തിൽ ഉള്ള 81 സ്ഥാപനങ്ങളിൽ 4 യൂണിറ്റുകളും വ്യവസായ വാണിജ്യ ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള 3 സ്ഥാപനങ്ങളും പ്രവർത്തന രഹിതമായി തുടരുന്നതിനാൽ അവയ്ക്കെതിരെ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പാപ്പനംകോട് എസ്റ്റേറ്റിനെ വ്യവസായ ഹബ്ബ് ആയി ഉയർത്തുന്നതിനുള്ള ആലോചന നടന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ.